# വൈദ്യുതി പരാതി പരിഹാര ന്യായസഭ (വടക്കൻ മേഖല)

വൈദ്യുതി ഭവനം, ഗാന്ധിറോഡ്, കോഴിക്കോട് - 673011

(വൈദ്യുതി നിയമം 2003 ലെ സെക്ഷൻ 42(5) അനുസരിച്ച് രൂപം കൊണ്ടത് / സ്ഥാപിതമായത്.)

ടെലിഫോൺ നംബർ - 0495 2367820

ഇ മെയിൽ. cgrfkzd@kseb.in

## സാന്നിദ്ധ്യം

സാജമ്മ .ജെ. പുന്നൂർ : ചെയർപേഴ്സൺ

ആൻസി പോൾ. സി : മെമ്പർ

ഫ്രാൻസിസ് . എ. സി : മെമ്പർ

ഓ.പി. നം. 100/2023-24.

പരാതിക്കാരി :

1. ശ്രീമതി. മസ്ന. എം, മേലെ പൂളക്കൽ ഹൌസ്, വെള്ളിമാടുകുന്ന്, മേരിക്കുന്ന് – പി,ഒ, കോഴിക്കോട് – 12.

എതിർകക്ഷികൾ :

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കക്കോടി, കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട് .
2. അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, വെള്ളിമാടുകുന്ന്, കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട് .

# ഉത്തരവ്

## പരാതി:

പരാതിക്കാരിക്ക് വെള്ളിമാടുകുന്ന് ഇലക്ട്രിക്കൽ സെക്ഷനിൽ LT VIIA താരിഫിൽ (1) 1166058022692, (2) 1166052023259 (3) 1166055023258. (4) 1166051023257 എന്നീ കൺസ്യൂമർ നമ്പറുകളിൽ നാല് സർവ്വീസ് കണക്ഷനുകളാണ് ഉള്ളത്. ഇതിൽ ഒന്നാമത്തെ സർവ്വീസ് കണക്ഷൻ ഒഴിച്ച് ബാക്കി മൂന്ന് സർവ്വീസ് കണക്ഷനുകളും LT VIIA താരിഫിൽ തന്നെ നൽകിയിട്ടുള്ളതാണ്. ഒന്നാമത്തെ സർവ്വീസ് കണക്ഷൻ LT IA താരിഫിൽ നൽകിയിട്ടുള്ളതാണ്. 2019 ൽ ആന്റി പവർ തെഫ്റ്റ് സ്ക്വോഡ് നടത്തിയ ഇൻസ്പെക്ഷനിൽ ഒന്നാമത്തെ സർവ്വീസ് കണക്ഷനിൽ ഹോസ്റ്റൽ പ്രവർത്തിച്ചിരുന്നതിനാൽ താരിഫ് ദുരുപയോഗത്തിന് ബില്ല് നൽകുകയും ആയത് പരാതിക്കാരൻ അടവാക്കിയിട്ടുള്ളതും, താരിഫ് മാറ്റാൻ 2019 ഡിസംബറിൽ അപേക്ഷ നൽകിയത് പ്രകാരം 2020 ജനുവരിയിൽ മേൽ സെക്ഷൻ ഓഫീസിൽ നിന്നും പരിശോധന നടത്തി 10/01/2020 മുതൽ താരിഫ് LT IAയിൽ നിന്ന് LT VIIA യിലേക്ക് മാറ്റി നൽകിയിട്ടുള്ളതുമാണ്. ഈ ഇൻസ്പെക്ഷൻ സമയത്തും, ആന്റി പവർ തെഫ്റ്റ് സ്ക്വോഡ് യൂണിറ്റിന്റെ ഇൻസ്പെക്ഷൻ സമയത്തും ടി പ്രിമിസസ്സിലെ നാല് ഫ്ലാറ്റിലും ഒരാൾ തന്നെ ഹോസ്റ്റൽ നടത്തുകയായിരുന്നു. എന്ന് പരാതിക്കാരി അറിയിക്കുന്നു. 2023 നവംബർ മാസം ആന്റി പവർ തെഫ്റ്റ് സ്ക്വോഡിന്റെ കോഴിക്കോട് യൂണിറ്റ് വീണ്ടും ടി പ്രിമിസസ്സുകളിൽ പരിശോധന നടത്തി. ആ സമയം നാല് ഫ്ലാറ്റുകളും ഒരാളുടെ ഉടമസ്ഥതയിൽ ഹോസ്റ്റലായി പ്രവർത്തിച്ചു വരികയാണ് എന്ന് കണ്ടെത്തി. ഒരു പ്രിമിസസ്സിലേക്ക് ഒരു ഉപയോഗത്തിന് ഒരു വൈദ്യുതി കണക്ഷനേ അനുവദിക്കൂ എന്ന് പറഞ്ഞുകൊണ്ട്

നാലു വൈദ്യുതി കണക്ഷനുകളിലേയും ഉപയോഗം ഒന്നിച്ച് കണക്കാക്കി 32,070/- രൂപയുടെ ഷോർട്ട് അസസ്സ്മെന്റ് ബില്ല് പരാതിക്കാരന് നൽകുകയുണ്ടായി. 2019 ൽ ആന്റി പവർ തെഫ്റ്റ് സ്ക്വോഡ് യൂണിറ്റ് വന്ന സമയത്തും, അതു പോലെ താരിഫ് മാറ്റിത്തരുവാൻ പരിശോധന നടത്തിയ സമയത്തും നാല് ഫ്ലാറ്റിലും ഹോസ്റ്റൽ പ്രവർത്തിച്ചിരുന്നു എന്നിരിക്കെ നാല് വൈദ്യുതി കണക്ഷനുകളും ഒന്നിപ്പിക്കണം എന്ന് കൺസ്യൂമറോട് ആവശ്യപ്പെട്ടിട്ടില്ല എന്നും, ആയതിനാൽ 32,070/- രൂപയുടെ ബില്ല് ഒഴിവാക്കിത്തരണം എന്ന് പരാതിക്കാരി ആവശ്യപ്പെടുന്നു.

<u>പരാതിക്കാരിയുടെ വാദങ്ങൾ :-</u>

പരാതിക്കാരിയായ ശ്രീമതി. മസ്സ .എം എന്നവർ കോഴിക്കോട് ജില്ലയിലെ വെള്ളിമാടുകുന്ന് ഇലക്ട്രിക്കൽ സെക്ഷനിൽ (1) 1166058022692, (2) 1166052023259 (3) 1166055023258. (4) 1166051023257 എന്നീ കൺസ്യൂമർ നമ്പറുകളിലെ വൈദ്യുതി കണക്ഷൻ ഉപഭോക്താവാണ്. 1166051023257 , 1166055023258, 1166052023259 എന്നീ കൺസ്യൂമർ നമ്പറുകൾ LT VIIA താരിഫിലും, കൺസ്യൂമർ നമ്പർ 1166058022692 ഗാർഹിക താരിഫിലും ആണ് വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളത്. 2019ൽ മറ്റൊരാൾക്ക് ടി പ്രിമിസസ്സ് ഹോസ്റ്റൽ നടത്തുന്നതിനായി കൊടുത്തിരുന്നു. പ്രസ്തുത സമയത്തും 3 ഫ്ലാറ്റുകൾ LT VIIA താരിഫിലും (ഹോസ്റ്റൽ നടത്തുന്നതിനും) ഒന്ന് അവരുടെ ഗാർഹിക ആവശ്യത്തിനും ആയി. തുടർന്ന് വരികയും, പിന്നീട് ഗാർഹിക ആവശ്യത്തിന്റെ ഫ്ലാറ്റ് ഹോസ്റ്റലായി ഉപയോഗിച്ചു കൊണ്ടിരിക്കുന്ന സമയത്ത് ആന്റി പവർ തെഫ്റ്റ് സ്ക്വോഡ് യൂണിറ്റ് പരിശോധിക്കുകയും 1166058022692 ഗാർഹിക താരിഫിലെ ഫ്ലാറ്റ് ഹോസ്റ്റലായി നടത്തുന്നതായി ബോധ്യപ്പെടുകയും, താരിഫ്

ദുരുപയോഗത്തിന് 43,000/- രൂപ പിഴ ഇടാക്കുകയും, ആയത് അടവാക്കുകയും, തുടർന്ന് 2019 ഡിസംബറിൽ താരിഫ് മാറ്റാൻ അപേക്ഷ നൽകുകയും 2020 ജനുവരിയിൽ ടി സെക്ഷൻ ഓഫീസിൽ നിന്ന് പരിശോധന നടത്തി താരിഫ് LT VIIA യിലേക്ക് മാറ്റുകയും ചെയ്തു. 2020ൽ പരാതിക്കാരി ഹോസ്റ്റൽ ഏറ്റെടുത്ത് നടത്തുമ്പോൾ നാല് ഫ്ലാറ്റും LT VIIA താരിഫിലായിരുന്നു. 2023 നവംബറിൽ ആന്റി പവർ തെഫ്റ്റ് സ്ക്വോഡ്, കോഴിക്കോട് യൂണിറ്റ് ടി പ്രിമിസസ്സ് പരിശോധന നടത്തുകയും നാല് ഫ്ലാറ്റും LT VIIA യിലാണെന്ന് ബോധ്യപ്പെടുകയും ചെയ്തു. ടി പ്രിമിസസ്സിൽ 2019ൽ ആന്റി പവർ തെഫ്റ്റ് സ്ക്വോഡ് കോഴിക്കോട് യൂണിറ്റ് പരിശോധനയ്ക്ക് വന്ന സമയത്തും, പരാതിക്കാരി താരിഫ് മാറ്റത്തിനായി അപേക്ഷ കൊടുത്ത സമയത്തും ഒറ്റ വൈദ്യുതി കണക്ഷനാക്കി മാറ്റാൻ ആവശ്യപ്പെട്ടിട്ടില്ലാത്തതുമായ ടി നാല് ഫ്ലാറ്റുകളും, ഒരൊറ്റ വൈദ്യുതി കണക്ഷനാക്കേണ്ടതാണെന്നും അതല്ലാത്തതുകൊണ്ട് 32,070/- രൂപ പിഴ ചുമത്തുകയും ആണ് ചെയ്തിരിക്കുന്നതെന്ന് പരാതിയിൽ പരാതിക്കാരി ഉന്നയിച്ചിരിക്കുന്നത് . -

പരാതിക്കാരിയുടേയും, കുടുംബത്തിന്റെയും ഏക വരുമാന മാർഗ്ഗം മേൽ പറഞ്ഞിരിക്കുന്ന ഫ്ലാറ്റാണെന്നും, ആയതുകൊണ്ട് 2023 ഡിസംബറിൽ ആന്റി പവർ തെഫ്റ്റ് സ്ക്വോഡ് കോഴിക്കോട് യൂണിറ്റ് ടി പ്രിമിസസ്സ് പരിശോധന നടത്തി ചുമത്തിയ ഭീമമായ പിഴ തുക അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിത്തരണമെന്നും ആണ് ബഹുമാനപ്പെട്ട ഫോറത്തോട് പരാതിക്കാരി അപേക്ഷിക്കുന്നത്.

<u>എതിർകക്ഷിയുടെ വിശദീകരണം</u>

എതിർകക്ഷിയിടെ വിശദീകരണത്തിൽ പരാതിക്കാരിക്ക് വെള്ളിമാടുകുന്ന് ഇലക്ട്രിക്കൽ സെക്ഷനിൽ LT VIIA താരിഫിൽ (1) 1166058022692, (2) 1166052023259 (3) 1166055023258. (4) 1166051023257 എന്നീ കൺസ്യൂമർ

നമ്പറുകളിൽ നാല് സർവ്വീസ് കണക്ഷനുകളുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Consumer No. | Prevailing tariff | Date of connection | Services |
|---|---|---|---|
| 1166058022692 | LT VIIA | 10-12-2013 | TARIFF CHANGED TO LT VIIA ON 10-01-2020 |
| 1166052023259 | LT VIIA | 11-11-2014 | CONNECTION AVAILED WITH LT VIIA TARIFF |
| 1166055023258 | LT VIIA | 11-11-2014 | CONNECTION AVAILED WITH LT VIIA TARIFF |
| 1166051023257 | LT VIIA | 11-11-2014 | CONNECTION AVAILED WITH LT VIIA TARIFF |

22/12/2023ന് ആന്റി പവർ തെഫ്റ്റ് സ്ക്വോഡിന്റെ കോഴിക്കോട് യൂണിറ്റ് പരാതിക്കാരിയുടെ പ്രിമിസസ്സിൽ നടത്തിയ പരിശോധനയിൽ ടി പ്രിമിസസ്സിലെ നാല് വൈദ്യുതി കണക്ഷനുകളും ഒരേ വ്യക്തി ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്നതായി കണ്ടെത്തുകയും, ഇതു മൂലം കെ.എസ്.ഇ.ബോർഡിന് വലിയ നഷ്ടമുണ്ടായതായി കണ്ടെത്തിയതായി എതിർകക്ഷിയുടെ വിശദീകരണത്തിൽ പരാമർശിച്ചിരിക്കുന്നു.

As per the regulation 134 " If the licensee establishes either by review or otherwise, that it has undercharged the consumer, the licensee may recover the amount so undercharged from the consumer by issuing a bill and in such cases at least thirty days shall be given to the consumer for making payment of the bill".

ആന്റി പവർ തെഫ്റ്റ് സ്ക്വോഡ് കോഴിക്കോട് യൂണിറ്റിന്റെ നിർദ്ദേശാനുസരണം, കെ.എസ്.ഇ.ബിയുടെ വെള്ളിമാടുകുന്ന് ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ, SS/BILLING/2023/APTS/ASSESSMENT DATED 12/01/2024 നടപടി ക്രമ നമ്പർ പ്രകാരം 32,070/- രൂപയുടെ ബിൽ നൽകിയതിന് എതിരെ

പരാതിക്കാരി കോഴിക്കോട് സി.ജി.ആർ.എഫിൽ പരാതിപ്പെടുകയും, തുടർന്ന് എതിർകക്ഷി ടി കേസിന്റെ രേഖകൾ സി.ജി.ആർ.എഫിൽ സമർപ്പിക്കുന്നതിനായി തയ്യാറാക്കുന്ന സമയത്താണ് വെള്ളിമാടുകുന്ന് ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ SS/BILLING/2023/APTS/ASSESSMENT / DATED 12/01/2024 നടപടി ക്രമ നമ്പർ പ്രകാരം 32,070/- രൂപയുടെ ബില്ലിൽ മൂല്യ നിർണ്ണയത്തിനായി പരിഗണിച്ച കാലാവധി തെറ്റാണെന്ന് ശ്രദ്ധയിൽപെട്ടതെന്ന് എതിർകക്ഷിയുടെ വിശദീകരണത്തിൽ പരാമർശിച്ചിരിക്കുന്നു.

കേരള ഇലക്ട്രിസിറ്റി സപ്ലൈക്കോഡ് 2014 റെഗുലേഷൻ 152 പ്രകാരം കെ.എസ്.ഇ ബോർഡ് നൽകുന്ന ബില്ലിൽ തെറ്റുകൾ സംഭവിച്ചാൽ കൺസ്യൂമറിൽ നിന്ന് ഈടാക്കുന്ന തുകയ്ക്ക് പലിശ ഈടാക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യുന്നു.

ഒരുമ നെറ്റ് സോഫ്റ്റ്വെയർ പ്രകാരം 1166058022692 എന്ന കൺസ്യൂമറിന് വെള്ളിമാടുകുന്ന് ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ ആന്റി പവർ തെഫ്റ്റ് യൂണിറ്റിന്റെ 12/2019 ലെ ഇൻസ്പെക്ഷൻ പ്രകാരം താരിഫ് ദുരുപയോഗത്തിന് 01/01/2020 ന് 43,680/- രൂപയുടെ ബില്ലാണ് നൽകിയത് എന്ന് കണ്ടെത്തിയതിനെ തുടർന്ന്, 20/02/2020 മുതൽ 22/12/2023 വരെയുള്ള കാലയളവിലേക്ക് വെള്ളിമാടുകുന്ന് ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ SS/BILLING/2023/APTS/ASSESSMENT /DATED 11/03/2024 നമ്പർ പ്രകാരം 49,216/- രൂപയുടെ പുതുക്കിയ ബിൽ പരാതിക്കാരന് നൽകിയതെന്ന് എതിർകക്ഷി വിശദീകരണത്തിൽ പറയുന്നു.

മേൽ പറഞ്ഞിരിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ പരാതിക്കാരിയുടെ പരാതി തള്ളി തീർപ്പാക്കണമെന്നാണ് ബഹുമാനപ്പെട്ട ഫോറത്തോട് എതിർകക്ഷി അപേക്ഷിക്കുന്നത്.

## അവലോകനവും, കണ്ടെത്തലും:

ഈ കേസിന്റെ വിചാരണ 20/03/2024ന് കോഴിക്കോട് സി.ജി.ആർ.എഫ് ഓഫീസിലെ കോർട്ട് ഹാളിൽ വെച്ച് നടന്നു. പരാതിക്കാരനും എതിർകക്ഷിയും ഹാജരായിരുന്നു. ഹാജരാക്കിയ രേഖകളുടെയും, മൊഴികളുടേയും അടിസ്ഥാനത്തിൽ ഫോറത്തിന് താഴെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടു.

- പരാതിക്കാരിക്ക് (1)1166058022692, (2) 1166052023259 (3) 1166055023258, (4) 1166051023257 എന്നീ കൺസ്യൂമർ നമ്പറുകളിലുള്ള LT VIIA താരിഫിലുള്ള നാല് സർവ്വീസ് കണക്ഷനുകളാണ്. ഇതിൽ മേൽ പറഞ്ഞ ക്രമ നമ്പർ (2) 1166052023259, (3) 1166055023258, (4) 1166051023257എന്നീ സർവ്വീസ് കണക്ഷനുകൾ LT VIIA താരിഫിൽ തന്നെയാണ് നൽകിയിട്ടുള്ളത്. ഒന്നാമത്തെ കൺസ്യൂമർ നമ്പറിൽ ഒരു വ്യക്തി താമസിച്ച് ബാക്കി മൂന്ന് ഫ്ലാറ്റുകളിൽ (2,3,4 സർവ്വീസ് കണക്ഷനുകളിൽ) ഹോസ്റ്റൽ നടത്തി വന്ന സമയത്ത് ആന്റി പവർ തെഫ്റ്റ് സ്ക്വോഡ് കോഴിക്കോട് യൂണിറ്റ് നടത്തിയ ഇൻസ്പെക്ഷനിൽ ഒന്നാമത്തെ സർവ്വീസ് കണക്ഷനുള്ള ഫ്ളാറ്റിലും കുട്ടികളെ താമസിപ്പിച്ചിരുന്നു എന്ന് കണ്ടെത്തുകയും താരിഫ് ദുരുപയോഗത്തിന് 43,680/- രൂപയുടെ ബില്ല് നൽകിയിട്ടുള്ളതും പരാതിക്കാരി ആയത് അടവാക്കിയിട്ടുള്ളതുമാണ്. ഇതേ തുടർന്ന് പരാതിക്കാരിയുടെ അപേക്ഷ പ്രകാരം 10/01/2020 ൽ ഒന്നാമത്തെ സർവ്വീസ് കണക്ഷന്റെ താരിഫ് LT VIIA യിലേക്ക് മാറ്റി നൽകുകയും ചെയ്തിട്ടുള്ളതാണ്.
- ആന്റി പവർ തെഫ്റ്റ് സ്ക്വോഡ് കോഴിക്കോട് യൂണിറ്റ് ഇൻസ്പെക്ഷൻ നടത്തിയ 2019 ഡിസംബറിൽ പരാതിക്കാരന്റെ നാല് ഫ്ലാറ്റുകളും ഒരാളുടെ ഉടമസ്ഥതയിലുള്ള ഹോസ്റ്റൽ ആയാണ് പ്രവർത്തിച്ചുകൊണ്ടിരുന്നത്

എന്ന് പരാതിക്കാരൻ അറിയിക്കുന്നു. താരിഫ് മാറ്റികൊടുക്കാൻ സെക്ഷനിൽ നിന്നും ഉദ്യോഗസ്ഥർ സ്ഥലത്ത് എത്തി പരിശോധന ജനുവരി 2020 ൽ നടത്തിയിട്ടാണ് താരിഫ് മാറ്റം അനുവദിച്ചിട്ടുള്ളത്. മുകളിൽ പറഞ്ഞ രണ്ട് ഇൻസ്പെക്ഷൻ സമയത്തും ടി ഫ്ലാറ്റുകളിൽ ഒരാളുടെ ഉടമസ്ഥതയിലുള്ള ഹോസ്റ്റലാണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് എന്ന് മനസ്സിലാക്കിയിട്ടും ടി സർവ്വീസ് കണക്ഷനുകൾ ഒന്നിപ്പിക്കാൻ എതിർകക്ഷിയുടെ ഭാഗത്ത് നിന്നും ഒരു നിർദ്ദേശവും ഉണ്ടായിട്ടില്ല എന്ന് ഫോറം മനസ്സിലാക്കുന്നു.

- രേഖകൾ പരിശോധിച്ച് ഷോർട്ട് അസസ്സ്മെന്റ് കാലാവധി 20/02/2020 മുതൽ 22/12/2023 വരെ നിശ്ചയിച്ച് 49,216/- രൂപയുടെ പുതുക്കിയ ബില്ലാണ് എതിർകക്ഷി നൽകിയിരിക്കുന്നത്. ടി രേഖകളിൽ നിന്നും 2020 മുതൽ ഒരാളുടെ ഉടമസ്ഥതയിലുള്ള ഹോസ്റ്റലാണ് നാല് ഫ്ലാറ്റുകളിലും പ്രവർത്തിച്ചിരുന്നത് എന്നത് എതിർകക്ഷി വ്യക്തമായി മനസ്സിലാക്കിയതായിരുന്നു എന്ന് ഫോറം കണ്ടെത്തിയിരിക്കുന്നു.
- ദി കേരള ഇലക്ട്രിസിറ്റി സപ്ലൈക്കോഡ് സെക്ഷൻ **52** പറയുന്നത് 'supply of electricity to be given only at one point for same purpose at the same voltage level in a single premises" എന്നാണ് സെക്ഷൻ **52** പ്രകാരം വൈദ്യുതി കണക്ഷൻ/നോട്ടീസ് നൽകേണ്ടത്/ ലൈസൻസിയുടെ ഉത്തരവാദിത്തമാണ്. ഇവിടെ **2019** ഡിസംബറിൽ ആന്റി പവർ തെഫ്റ്റ് സ്ക്വോഡ് കോഴിക്കോട് യൂണിറ്റ് നടത്തിയ ഇൻസ്പെക്ഷൻ സമയത്തും താരിഫ് മാറ്റത്തിനു വേണ്ടി സെക്ഷൻ ഉദ്യോഗസ്ഥർ ജനുവരി 2020 ൽ നടത്തിയ ഇൻസ്പെക്ഷൻ സമയത്തും നാല് ഫ്ലാറ്റിലും ഒരു വ്യക്തി ഹോസ്റ്റൽ നടത്തുകയായിരുന്നു എന്നുള്ള വസ്തുത പരിഗണിക്കാതെ വ്യത്യസ്ത സർവ്വീസ് കണക്ഷനുകൾ നിലനിർത്താൻ അനുവദിച്ചിട്ടുള്ളത്

ലൈസൻസിതന്നെയാണ്. ഈ കേസിൽ ഈ ഷോർട്ട് അസസ്സ്മെന്റ് "First due" ആയിരിക്കുന്നത് 2020 ജനുവരിയിൽ ടി പ്രിമിസസ്സിൽ പരിശോധന നടത്തിയ സമയം തന്നെ ആണെന്നിരിക്കെ ഏകദേശം 4 വർഷത്തിനുശേഷം 2024 ജനുവരി മാസം ബില്ല് നൽകിയിട്ടുള്ളതായിട്ടാണ് ഫോറം മനസ്സിലാക്കുന്നത്.

- ആയതിനാൽ ഇലക്ട്രിസിറ്റി ആക്ട് 2003 സെക്ഷൻ 56(2) പ്രകാരവും ദി കേരള ഇലക്ട്രിസിറ്റി സപ്ലൈക്കോഡ് സെക്ഷൻ 136(3) പ്രകാരവും ടി ബില്ല് "First due" ആയ ജനുവരി 2020ന ശേഷം രണ്ടു വർഷത്തിനുള്ളിൽ ബില്ല് നൽകുകയോ, കുടിശ്ശികയായി ബില്ലിൽ കാണിക്കുകയോ ചെയ്യാത്തതിനാൽ ഏകദേശം നാലു വർഷങ്ങൾക്കു ശേഷം എതിർകക്ഷി നൽകിയ ഷോർട്ട് അസസ്സ്മെന്റ് ബില്ല് നിയമപരമായി നിലനിൽക്കുന്നതല്ല എന്ന് ഫോറം മനസ്സിലാക്കുന്നു.
- പരാതിക്കാരന്റെ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള പ്രിമിസ്സസ്സുകളിലെ ഒരു വൈദ്യുതി കണക്ഷനിലും ദി കേരള ഇലക്ട്രിസിറ്റി സപ്ലൈക്കോഡ് 2014 സെക്ഷൻ 134 പ്രകാരമുള്ള 'under charging' or സെക്ഷൻ 152 പ്രകാരമുള്ള അപാകതകളോ കണ്ടുപിടിച്ചിട്ടില്ല എന്ന് ഫോറം മനസ്സിലാക്കുന്നു. ദി കേരള ഇലക്ട്രിസിറ്റി സപ്ലൈക്കോഡ് 2014 സെക്ഷൻ 52 പ്രകാരമുള്ള അപാകതയ്ക്ക്, പരാതിക്കാരന്റെ കേസിൽ നോട്ടീസ് നൽകിയതു മുതൽ ബില്ല് നൽകുന്നതാണ് നിയമാനുസൃതം എന്ന് ഫോറം മനസ്സിലാക്കുന്നു.
- എതിർകക്ഷിക്ക് ഉണ്ടായിട്ടുള്ള നഷ്ടം 12/2019ലും, 01/2020ലും നടത്തിയ പരാശോധനകളിൻ, മേൽ നടപടി എടുക്കുന്നതിൽ വന്ന വീഴ്ചയാണ് എന്ന് ഫോറം വിലയിരുത്തുന്നു.

തീരുമാനം

- പരാതിക്കാരന് എതിർകക്ഷി 11/03/2024 തീയ്യതിയിൽ നൽകിയിട്ടുള്ള 49,216/- രൂപയുടെ ബില്ല് ഫോറം റദ്ദാക്കുന്നു.
- ദി കേരള ഇലക്ട്രിസിറ്റി സപ്ലൈക്കോഡ് 2014 സെക്ഷൻ 52 പ്രകാരം നോട്ടീസ് നൽകി അതിനനുസരിച്ചുള്ള നടപടികൾ 22/12/2023 മുതൽ എതിർകക്ഷി സ്വീകരിക്കേണ്ടതാണ്.

പരാതി മേൽ പറഞ്ഞ തീരുമാന പ്രകാരം ഫോറം ഉത്തരവാക്കുന്നു.

രണ്ടായിരത്തി ഇരുപത്തി മൂന്നാമാണ്ട് മാർച്ച് മാസം 30 തിയ്യതി.

| | | |
|---|---|---|
| Sd/- | Sd/- | Sd/- |
| സാജമ്മ.ജെ.പുന്നൂർ | ആൻസി പോൾ. സി | ഫ്രാൻസിസ് .എ.സി |
| ചെയർപേഴ്സൺ | മെമ്പർ | മെമ്പർ |

Endt.on CGRF-NR/OP 100/2023-24/ 285 30 /03/2024

അയയ്ക്കുന്നത്:

1. ശ്രീമതി. മസ്സ. എം,
   മേലെ പൂളക്കൽ ഹൌസ്,
   വെള്ളിമാട്ടുകുന്ന് ,
   മേരിക്കുന്ന് – പി,ഒ,
   കോഴിക്കോട് .

ഫോറത്തിന്റെ മേൽ ഉത്തരവിൽ സംതൃപ്തനാവാത്ത പക്ഷം പരാതിക്കാരന് / പരാതിക്കാരിയ്ക്ക് ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ സമക്ഷം ഈ ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്. സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ, ഡി.എച്ച് റോഡ്, ഓഫ്ഷോർ റോഡ് ജംഗ്ഷൻ, ഗാന്ധി·സ്ക്വയറിന് സമീപം എറണാകുളം, കേരള-682016 (ഫോൺ 0484 2346488).

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
   ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
   കക്കോടി, കെ.എസ്.ഇ.ബി ലിമിറ്റഡ്,
   കോഴിക്കോട്.

കോപ്പി സമർപ്പിക്കുന്നത് :

ചീഫ് എഞ്ചിനീയർ (ഡിസ്ട്രിബ്യൂഷൻ - നോർത്ത് ), കോഴിക്കോട്.

കോപ്പി സമർപ്പിക്കുന്നത് :

1. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്,
   വൈദ്യുതിഭവനം,തിരുവനന്തപുരം.
2. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ,
   ഇലക്ട്രിക്കൽ സർക്കിൾ, കോഴിക്കോട്,
   കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്.
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ,
   ഇലക്ട്രിക്കൽ ഡിവിഷൻ, കോഴിക്കോട്,
   കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്.
4. അസിസ്റ്റന്റ് എഞ്ചിനീയർ
   ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി
   ലിമിറ്റഡ്, വെള്ളിമാടുകുന്ന്, കോഴിക്കോട്.

Forwarded

Chairperson

OFFICE OF THE DEPUTY CHIEF ENGINEER
KSE BOARD
CIVIL STATION ROAD
KOZHIKODE
PIN-673011
CONSUMER GRIEVANCE REDRESSAL FORUM